Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

അടിയന്തരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) പൊതുസ്വത്ത് സ്വകാര്യമേഖലയ്ക്ക് നൽകി അതിന് യൂസർഫീ ഏർപ്പെടുത്തി ജനങ്ങളെ ചൂഷണം ചെയ്യുന്ന തരത്തിലുള്ള കേന്ദ്ര സർക്കാർ സമീപനത്തോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

പൊതുസ്വത്ത് സ്വകാര്യമേഖലയ്ക്ക് നൽകി അതിന് യൂസർഫീ ഏർപ്പെടുത്തി ജനങ്ങളെ ചൂഷണം ചെയ്യുന്ന തരത്തിലുള്ള കേന്ദ്ര സർക്കാർ സമീപനത്തോട് സംസ്ഥാന സർക്കാരിന് പൂർണ്ണ വിയോജിപ്പാണ്. ഈ നയത്തോടുള്ള സംസ്ഥാന സർക്കാരിന്റെ ഏതിർപ്പ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) തിരുവനന്തപുരം വിമാനത്താവളം അദാനി ഗ്രൂപ്പിന് കൈമാറാൻ കേന്ദ്ര സർക്കാർ നീക്കം ത്വരിതപ്പെടുത്തിയിട്ടുള്ളതിനെതിരെ സംസ്ഥാന സർക്കാരിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ നിയമപരമായി സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

141 (141) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര വീതമാണെന്ന് അറിയിക്കാമോ;

(സി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ-സി) റീബിൽഡ് കേരള ഇനിഷ്യേറ്റിവിനുകീഴിൽ അംഗീകരിക്കപ്പെട്ട പദ്ധതികളിൽ കാഞ്ഞങ്ങാട് മണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളും അതിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.